**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4356** **18-07-2022 - ൽ മറുപടിയ്ക്ക്**

**കലാകാരൻമാരുടെ സഹകരണ സംഘം രൂപീകരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കലാകാരൻമാരുടെ സഹകരണ സംഘം രൂപീകരിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് കലാകാരന്മാരുടെ സഹകരണസംഘം Kerala State Artist & Artistes Co-operative Society Ltd. No. 4506 (AARTICS) 15.02.2022-ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് സംഘത്തിന്റെ ആദ്യ പൊതുയോഗം 25.03.2022-ൽ ചേർന്നു. കോട്ടയമാണ് സംഘത്തിന്റെ ആസ്ഥാനം. |
| (ബി) | പ്രസ്തുത സഹകരണ സംഘത്തിൽ അംഗത്വത്തിനുള്ള മാനദണ്ഡങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; അതിനായി ചുമതലപ്പെടുത്തിയത് ആരെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | രൂപീകരിച്ചിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളിൽ അംഗത്വത്തിനുള്ള മാനദണ്ഡങ്ങൾ പ്രതിപാദിക്കുന്നത് സംഘം തയ്യാറാക്കി സഹകരണസംഘം രജിസ്ട്രാർ അംഗീകരിച്ചു നൽകുന്ന നിയമാവലിയിലാണ്. അംഗത്വം നൽകുന്നതിനുള്ള ചുമതല ഭരണസമിതിക്കാണ്. |
| (സി) | പ്രസ്തുത മാനദണ്ഡങ്ങൾ രൂപീകരിക്കുന്നതിനായി മികച്ച കലാകാരൻമാരുടെ കൂടി പ്രാതിനിധ്യം ഉറപ്പ് വരുത്തി ഒരു സമിതിയെ ഏൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | അംഗത്വത്തിനുള്ള മാനദണ്ഡങ്ങൾ രൂപീകരിക്കുന്നതും മാറ്റം വരുത്തുന്നതും സംഘത്തിന്റെ ഭരണസമിതിയുടെയും പൊതുയോഗത്തിന്റെയും തീരുമാന പ്രകാരമാണ്. |

സെക്ഷൻ ഓഫീസർ